**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3166** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീസൗഹൃദ വിനോദസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ സമ്പൂർണ സ്ത്രീസൗഹൃദ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമാക്കി വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വിശദീകരിക്കാമോ; | (എ) | കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക അതിലൂടെ പ്രാദേശിക സ്ത്രീ സമൂഹത്തിന്റെ ശാക്തീകരണം അതോടൊപ്പം വിനോദ സഞ്ചാര മേഖലയിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പദ്ധതി'. ഈ പദ്ധതിയുടെ ഭാഗമായി ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, സ്ത്രീ സൗഹാർദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നു. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങളും നടത്തി വരുന്നു. ടൂറിസം മേഖലയിൽ ലിംഗസമത്വം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതിയാണ് സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി. ഇന്ത്യയിൽ ആദ്യമായി സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി നടപ്പിൽ വന്നത് കേരളത്തിൽ ആണ്. യു.എൻ.വുമൺ ഇന്ത്യയുടെ സാങ്കേതിക സഹകരണത്തോടു കൂടി സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നു.<br><br>പ്രസ്തുത പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുക, നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ, സ്ഥാപനങ്ങൾ, ആളുകൾ എന്നിവരുടെ ഒരു നെറ്റ്‌വർക്ക് ഉണ്ടാക്കിയെടുക്കുക, പരസ്പര സഹവർത്തിത്തത്തോടെ പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടു പോകുക, ഈ മേഖലയിൽ ഉള്ള മാതൃകകൾ ആഗോളതലത്തിൽ അവതരിപ്പിക്കുക, അനുയോജ്യമായ മാതൃകകൾ, ആശയങ്ങൾ ഉൾക്കൊള്ളുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ ജൻഡർ |

| | | | |
|---|---|---|---|
| | | | ഇൻക്ലൂസീവ് & റെസ്പോൺസിബിൾ ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ മൂന്നാറിൽ വച്ച് നടന്നു. |
| (ബി) | പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി 2025 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. നിലവിൽ പ്രസ്തുത പദ്ധതി അവസാന ഘട്ടത്തിലാണ്. |
| (സി) | ഒറ്റയ്ക്ക് കേരളം സന്ദർശിക്കുന്ന സ്ത്രീസഞ്ചാരികൾക്ക് സുരക്ഷിതത്വവും മികച്ച അടിസ്ഥാന സൗകര്യവും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഒറ്റയ്ക്ക് കേരളം സന്ദർശിക്കുന്ന സ്ത്രീസഞ്ചാരികൾക്ക് സുരക്ഷിതത്വവും മികച്ച അടിസ്ഥാന സൗകര്യവും ഉറപ്പുവരുത്തുന്നതിന് കൂടി ലക്ഷ്യമാക്കിയാണ് സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിൽ ആദ്യമായി സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി നടപ്പിലാക്കിയത് കേരളത്തിൽ ആണ്. സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡി, ജൻഡർ ഓഡിറ്റ് എന്നിവ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ ലൈറ്റുകൾ, സേഫ്റ്റി ക്യാമറകൾ, ടൂറിസം പോലീസിന്റെ സേവനം, സ്ത്രീ സൗഹൃദ താമസ സൗകര്യം ഉറപ്പുവരുത്തൽ തുടങ്ങിയവ വിശദമായ പഠനത്തിന് വിധേയമാക്കി പഠനത്തിൽ കണ്ടെത്തുന്നത് അനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനും, ശാക്തീകരണത്തിനും സുരക്ഷക്കും വേണ്ടി ഡെസ്റ്റിനേഷൻ സുരക്ഷാ പഠനം നടത്തിയത് അനുസരിച്ച് ഡെസ്റ്റിനേഷനുകളിൽ സുരക്ഷാ മാർഗരേഖ ഉൾപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുന്നതിനും, പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഫീഡിംങ് സെന്ററുകൾ സ്ഥാപിക്കുന്നതിനും, ഡെസ്റ്റിനേഷനുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്യാമറകൾ സ്ഥാപിക്കുക, സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾക്ക് ഒറ്റത്തവണ ധനസഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നു. 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. നിലവിൽ 5 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടത്തി. പുതുതായി 12 കേന്ദ്രങ്ങളിൽക്കൂടി ജൻഡർ ഓഡിറ്റ് നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ട്.<br><br>സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കിയ ടൂറിസം കേന്ദ്രങ്ങളെ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ